# സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ നടപടി ഉത്തരവ്

(ഹാജർ: എ.സന്തോഷ്)

വിഷയം:- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2020 ലെ പൊതുതിരഞ്ഞെടുപ്പ്- ഡ്യൂട്ടി ലീവ് അനുവദിക്കുന്നത്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:- കമ്മീഷന്റെ 14/07/2017 ലെ 403/2017സം.തി.ക നമ്പർ ഉത്തരവ്.

തീയതി: 05.12.2020

നം.ബി1/ 33870/2020/സം.തി.ക

ഉത്തരവ്

1994 – ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 48 എ വകുപ്പും 1994- ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 104 എ വകുപ്പും പ്രകാരം ഒരു പൊതുതിരഞ്ഞെടുപ്പോ ഉപതിരഞ്ഞെടുപ്പോ നടത്തുന്നതിനായി നിയമിക്കുന്ന വരണാധികാരിയും ഉപവരണാധികാരിയും പോളിംഗ് ഉദ്യോഗസ്ഥന്മാരും മറ്റ് ഉദ്യോഗസ്ഥരും ഇതിലേയ്ക്ക് നിയമിക്കുന്ന പോലീസ് ഉദ്യോഗസ്ഥരും തിരഞ്ഞെടുപ്പ് നിരീക്ഷകരും തിരഞ്ഞെടുപ്പ് വിജ്ഞാപന തീയതി മുതൽ ഫലപ്രഖ്യാപനതീയതി അവസാനിക്കുന്നത് വരെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഡെപ്യൂട്ടേഷനിലായിരിക്കുന്നതാണെന്നും അങ്ങനെയുള്ള ഉദ്യോഗസ്ഥർ ആ കാലയളവിൽ കമ്മീഷന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും അനുശാസനത്തിനും വിധേയമായിരിക്കുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥ പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പുമായി, ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്തെ വിവിധ സർക്കാർ അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരെ നിയോഗിച്ചു വരുന്നുണ്ട്.

ഒരു പൊതുതിരഞ്ഞെടുപ്പിനോ ഉപതിരഞ്ഞെടുപ്പിനോ പോളിംഗ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ ഡ്യൂട്ടി കാലയളവ് തിരഞ്ഞെടുപ്പിന്റെ തലേ ദിവസം (പോളിംഗ് സാധനങ്ങളുടെ വിതരണദിവസം) രാവിലെ മുതൽ പോളിംഗ് ദിവസം പോളിംഗ് സാധനങ്ങൾ സ്വീകരണ കേന്ദ്രത്തിൽ തിരികെ ഏൽപ്പിക്കുന്നത് വരെയാണ്. ഇത് മിക്കവാറും പോളിംഗ് ദിവസം രാത്രി ഏറെ വൈകുന്നത് വരെയോ അല്ലെങ്കിൽ പിറ്റേ ദിവസം രാവിലെ വരെയോ നീണ്ടുപോകാറുള്ളതായി കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ, പോളിംഗ് ഉദ്യോഗസ്ഥരുടെ ഡ്യൂട്ടി തുടർച്ചയായി 48 മണിക്കൂറോ അതിലധികമോ വരുന്നുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുതിരഞ്ഞെടുപ്പിനോ ഉപതിരഞ്ഞെടുപ്പിനോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഡെപ്യൂട്ടേഷനിലുള്ള പോളിംഗ് ഉദ്യോഗസ്ഥർക്ക് പോളിംഗ് ദിവസത്തിന്റെ തൊട്ടടുത്ത

ദിവസം കൂടി ഡ്യൂട്ടി ലീവ് അനുവദിക്കണമെന്ന് കമ്മീഷനിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ബന്ധപ്പെട്ട വകുപ്പ്/ ഓഫീസ് മേധാവികളോട് നിർദ്ദേശിച്ച് ഉത്തരവാകുന്നു.

എ. സന്തോഷ്
സെക്രട്ടറി

എല്ലാ വകുപ്പ് / ഓഫീസ് മേധാവികൾക്കും

പകർപ്പ്:
ചീഫ് സെക്രട്ടറി, കേരളം ( ആമുഖ കത്ത് സഹിതം)
എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും & ജില്ലാ കളക്ടർമാർക്കും,
എല്ലാ നോഡൽ ഓഫീസർമാർക്കും സെക്ഷനുകൾക്കും,
ലോ ഓഫീസർ,
പി. ആർ. ഒ സം.തി.ക,
സ്റ്റാന്റിംഗ് കൗൺസിൽ,
കമ്പ്യൂട്ടർ പ്രോഗ്രാമർ,
കമ്മീഷണറുടെ പി. എസ്. / സെക്രട്ടറിയുടെ സി.എ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

'ജനഹിതം' , റ്റി.സി.27/6(2), വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം -695 033
ഫോൺ : 0471-2325048 (Administration), 2337884 (Election)
e-mail:cru.sec@kerala.gov.in, electionker@gmail.com
website:www.sec.kerala.gov.in